**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി രക്തസാക്ഷിത്വ ദിനാചരണം 'രക്തസാക്ഷ്യം 2018' - കുടുംബശ്രീ വിപണനമേളകൾ സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മഹാത്മാഗാന്ധി രക്തസാക്ഷിത്വ ദിനാചരണത്തിന് തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2331/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 31/08/2018

---

പരാമർശം:- 10/08/2018 ലെ സ.ഉ.(സാധാ)2222/2018/തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വർഷാചരണവുമായി ബന്ധപ്പെട്ട് പയ്യന്നൂർ, പാലക്കാട്, തവനൂർ, വൈക്കം, വെങ്ങാനൂർ എന്നിവിടങ്ങളിൽ ഗാന്ധിജിയുടെ 'സ്വയം പര്യാപ്ത ഗ്രാമം' എന്ന സങ്കല്പത്തെ അന്വർത്ഥമാക്കുന്ന രീതിയിൽ കുറഞ്ഞത് 50 സ്റ്റാളുകളെങ്കിലും ഉള്ള കുടുംബശ്രീ വിപണനമേളകൾ സംഘടിപ്പിക്കുന്നതിനായി പരാമർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വർഷാചരണവുമായി ബന്ധപ്പെട്ട 'രക്തസാക്ഷ്യം 2018' പരിപാടിയുടെ ഭാഗമായി **സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാറ്റികളിലും കോർപ്പറേഷനുകളിലും** പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ സംഘാടനച്ചെലവിലേക്കായി ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ 10,000/- (പതിനായിരം) രൂപ വീതവും, മുനിസിപ്പാലിറ്റികൾ 50,000/- (അൻപതിനായിരം) രൂപയും കോർപ്പറേഷനുകൾ 1,00,000/- (ഒരു ലക്ഷം) രൂപയും അവരുടെ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും മേൽ പരാമർശിത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ. കെ.ജെ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)

സാംസ്കാരിക വകുപ്പ്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ